മേലുകാവ് പോലീസ് ഔട്ട്പോസ്റ്റ്

988 [1593] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മേലുകാവ് പോലീസ് ഔട്ട് പോസ്റ്റ് ഒരു ചാർജിംഗ് സ്റ്റേഷനായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്കു പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, & ബി) ഉണ്ട്. അടുത്ത സാമ്പത്തികവർഷത്തിൽ.

അഴീക്കൽ പോർട്ട്

989 [1594] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പോർട്ട് ഒരു മേജർ പോർട്ടാക്കി ഉയർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ബി) ഈ പോർട്ടിൽ ഒരു ടഗ്ഗ് ഇല്ലാത്തതുകാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെപ്പറ്റി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ;

(സി) എങ്കിൽ അവിടെ ഒരു ടഗ്ഗ് സ്ഥിരമായി നിർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഴീക്കൽ പോർട്ട് വികസിപ്പിക്കുന്നതിനുള്ള പരിപാടി ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. എന്നാൽ അത് ഒരു മേജർ പോർട്ടാക്കി രൂപാന്തരപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കൂടിയേതീരൂ.

(ബി) ഇതുവരെ കിട്ടിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

തടവുകാർക്ക് ആവശ്യമായ ചികിൽസ ലഭിക്കുന്നില്ല എന്ന പരാതി

990 [1596] ശ്രീ. ടി.കെ. അബ്ദു:

,, എം.വി. രാഘവൻ:

,, പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർക്കു ആവശ്യമായ ചികിൽസ ലഭിക്കുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) കാര്യമായ വൈദ്യസഹായം ലഭിക്കാത്തതുമൂലം തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഏതാനും തടവുകാർ മരണമടഞ്ഞതായി അറിയുന്നത് ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly